# INFLUENCE OF DARŚANAS ON LITERATURE

*Edited by*

Dr. S. GEETHAMONY AMMA
Dr. V. PRAMEELA KUMARI

Scanned with CamScanner

# INFLUENCE OF DARŚANAS ON LITERATURE

*Edited by*

**Dr.S.GEETHAMONY AMMA**
**&**
**Dr.V.PRAMEELA KUMARI**

PARIMAL PUBLICATIONS
DELHI

Scanned with CamScanner

*Published by*
**PARIMAL PUBLICATIONS**
Office : 27/28, Shakti Nagar, Delhi-110007 (INDIA)
Retail Outlet : 22/3, Shakti Nagar, Delhi-110007 (INDIA)
ph. : +91-11-23845456, 47015168
e-mail : order@parimalpublication.com
url : http://www.parimalpublication.com

© Author

**First Edition : Year 2018**

**ISBN : 978-81-7110-611-0**

**Price : ₹ 350.00**

*Printed at*
**Balajee Imaging Systems**
Wazirpur Village, Delhi-52

Scanned with CamScanner

## Contents


1. ഉദ്ഘാടനഭാഷണം — 1
   ഡോ.കെ. മഹേശ്വരൻ നായർ

2. ഭാരതീയദർശനങ്ങൾ ഇന്ത്യൻസാഹിത്യത്തിൽ — 3
   ഡോ.സി.രാജേന്ദ്രൻ

3. काव्यं कान्तासंमिततया उपदेशयुजे — 9
   डॉ.वि. वासुदेवन्

4. दर्शनानां प्रभावः भवभूतिकृतिषु — 16
   प्रोफ.आर.आनन्दन्

5. हिन्दी साहित्य पर भारतीय दर्शन का प्रभाव — 22
   डॉ.सी.जे प्रसन्नकुमारी

6. Philosophy of Sree Ramakrishna as Depicted in the Sanskrit Mahakavya Dharmasagara — 30
   Dr.L.Sulochana Devi

7. Philosophical Perspectives in Jivanandanam — 36
   Dr.K. Muthulekshmi

8. Mimamsa and Sanskrit Aesthetics — 39
   Dr.V.R. Muralidharan

9. कामायनी का दार्शनिक-पक्ष — 43
   डॉ.के. श्रीलता

10. अद्वैतदर्शनसमीक्षा - भजगोविन्दे — 50
    डॉ.एस.गीतामणि अम्म

11. नारायणीये अद्वैतदर्शनस्य प्रभावः — 54
    डॉ.एस. शोभना

12. ഭക്തിയും അദ്വൈതവും-ശങ്കരാചാര്യരുടെ സ്തോത്രകൃതികളിൽ — 62
    മഹേശ്വരിപിള്ള.എസ്.

13. Darsanas and Sanskrit Kavyas — 67
    Dr. Susanth. S.


Scanned with CamScanner

14. ആശാൻകൃതികളിലെ ബുദ്ധദർശനം - ഒരു സാമാന്യാവലോകനം 73
ഡോ.എം.ആർ.ഷെല്ലി

15. महादेवी वर्मा के काव्यों में रहस्यवादी दर्शन 79
डॉ.जिषा पी.

16. ശാങ്കരദർശനത്തിന്റെ പൊരുൾ ജാതിക്കുമ്മിയിൽ 83
ഡോ.ഷീജ. ആർ.എസ്.

17. വേദാന്തചിന്തയുടെ കാവ്യപ്രമേയങ്ങൾ 89
ഡോ.ജി.രഘുകുമാർ കുടവട്ടൂർ

18. 'ചിന്താവിഷ്ടയായ സീത'യിലെ ദാർശനികത 94
ഡോ. കിരൺ എ.യു.

19. Dramatization of Darsanas 98
Dr. Smitha Sabu

20. ബൗദ്ധദർശനത്തിന്റെ പുനർവിചിന്തനം - 107
'ഞാനും ബുദ്ധനും' എന്ന നോവലിൽ
ഡോ. സുവർണ്ണനി ദേവി. ഇ.

21. Philosophy Reflected in Court Epics of Kalidasa 111
Dr. Susmi Sabu

22. Influence of 'Saivism on Sri Narayanaguru' 115
Dr. Divya Subran

23. ആർഷജ്ഞാനത്തിലെ ബ്രഹ്മാണ്ഡസങ്കല്പം 119
ഡോ.താര എസ്.എസ്.

24. शुद्धाद्वैत दर्शन और कवि सूरदास 124
डॉ.कविता राज एन.

25. Influence of Advaita Philosophy in Sopananrtta 128
Dr.M.Bijimol

26. ഹരിനാമകീർത്തനത്തിലെ ഓങ്കാരോപാസന 131
സിന്ധു.സി.എസ്

27. प्रेमचंद के कथा-साहित्य में 'सत्यम् शिवम् सूंदरम्' की परिकल्पना 136
अश्वती.एस.

Scanned with CamScanner

28. പൂന്താനം കൃതികളിൽ പ്രതിഫലിക്കുന്ന ദാർശനികത 139
ഡോ. ജയലക്ഷ്മി. വി.

29. समकालीन हिन्दी निबंध-साहित्य और दर्शन 143
दिव्या. वि.एल.

30. Influence of Darsanas on the Western Literature and Media 146
Sreekuttan. S.

31. Naiyayika's Theory of Anumana and its Influence in Poetics 152
Ashitha. R.K.

32. ബുദ്ധമതസാന്നിധ്യം സഹോദരൻ അയ്യപ്പന്റെ പദ്യകൃതികളിൽ 156
സൗമിത്ത്. എസ്.

33. വീണപൂവിലെ അദ്വൈതദർശനസാന്നിധ്യം 162
രശ്മി. റ്റി.ആർ.

34. Influence of Mahayana Buddhism in Tilopa's Song of Mahamudra 168
Vishnu. V.S.

35. सांख्यदर्शनस्य प्रभावः नैषधीयचरिते 174
अञ्जु. जे.

36. Gitanjali: A Distant Conception made an Up-close Perception 180
Ananthan. K.P.

37. ഭജഗോവിന്ദത്തിലെ അദ്വൈതദർശനപ്രഭാവം 184
അരുൺ പ്രസാദ്. ആർ.

38. Advaitic Textures in Valmiki Ramayana : An interpretation 188
Ananya. K.P.

39. ബൗദ്ധദർശനം - കരുണയിൽ 192
നിതിൻ. എസ്സ്. പ്രകാശ്


Scanned with CamScanner

# 'ചിന്താവിഷ്ടയായ സീത'യിലെ ദാർശനികത

ഡോ. കിരൺ എ യു

ചിന്താവിഷ്ടയായ സീത പുറത്തു വന്നത് 1095 -ൽ ആണ്.അതിന്റെ ഭൂരിഭാഗവും രചിച്ചത് ആശാൻ ആലുവയിൽ താമസിച്ചിരുന്ന കാലത്താണ്. ആശാൻ വിവാഹിതനായി രണ്ടുകൊല്ലം കഴിഞ്ഞപ്പോഴാണ് ആലുവയിൽ പോയത്. ഗുരുവിന്റെ നിർദ്ദേശപ്രകാരം അദ്വൈതാശ്രമവും ബന്ധപ്പെട്ട ഇതരസ്ഥാപനങ്ങളും ഭരിക്കുന്നതിനു വേണ്ടിയായിരുന്നു ആ പ്രവാസം. സീതാകാവ്യം ഒരു പ്രണയകവിതയല്ലെങ്കിലും ഇതിൽ ശൃംഗാരപരാമർശം ഉണ്ട്. ഒപ്പം, ഈ കാവ്യം മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ദാർശനികബോധം പ്രസരിപ്പിക്കുന്ന ഒന്നുകൂടിയാണ്.

സീതാദേവി അന്തർധാനം ചെയ്യുന്നതിന്റെ തലേന്നാൾ വാല്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്തസ്ഥലത്തിരുന്ന് തന്റെ പൂർവ്വാനു വങ്ങളെയും ആസന്നമായ ഭാവിയെയും മറ്റും പറ്റി ചെയ്യുന്ന ചിന്തകളാണ് ഈ കൃതിയുടെ പ്രധാനവിഷയം എന്ന് മുഖവുരയിൽ ആശാൻ പറഞ്ഞിട്ടുണ്ട്. രാമായണകഥ ആനുഷംഗികമായി അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും സീതയുടെ വിമർശനമാണ് അതിൽ മുന്തിനിൽക്കുന്നത്.ശ്രീരാമൻ തന്നെ ഉപേക്ഷിച്ചത് ഒരുവിധത്തിലും സാധൂകരിക്കാൻ നിവൃത്തിയില്ലാത്ത ഒരു പ്രവൃത്തിയാണന്ന് സമർത്ഥിക്കാനാണ് സീതയുടെ ശ്രമം. സീതാദേവി തന്റെ ഭൂതകാലജീവിത്തിലേയ്ക്ക് തിരിഞ്ഞുനോക്കുന്ന അവസരത്തിൽ മനുഷ്യജീവിതത്തിൽ ഉണ്ടാകുന്ന അനുഭവങ്ങളും അവ പഠിപ്പിക്കുന്ന തത്ത്വങ്ങളുമൊക്കെ മനസ്സിൽ ഉയർന്നു വരുന്നു. ആശ്രമജീവിതം നയിച്ച് ലൗകികമായ, ദാമ്പത്യജീവിതപരമായ ചിന്തകളൊന്നും കൂടാതെ കഴിയുന്ന സീതയിലൂടെയാണ് ഇവ വെളിപ്പെടുന്നത്.

ആശാന്റെ കാവ്യലോകത്തിന്റെ ഒരു പ്രത്യേകത ആത്മീയ-ഭൗതികവിചാരങ്ങൾ തമ്മിൽ നടക്കുന്ന സംഘർഷങ്ങളാണ്. അദ്വൈതവിദ്യാപ്രചാരണത്തിൽ തല്പരനായിരുന്ന ആശാൻ ഉപനിഷത്തുക്കളുടെ പാരമ്യമായ വെളിപാട് ബ്രഹ്മാത്മൈക്യമാണെന്നു വിശ്വസിക്കുന്നതോടൊപ്പം വിവിധങ്ങളെന്നു തോന്നിപ്പിക്കുന്ന ആത്മാക്കൾ തമ്മിൽ ഐക്യമുണ്ടെന്നും കണ്ടു. അതുകൊണ്ട് ദാർശനികമായ ആദ്ധ്യാത്മികബോധം അദ്വൈതമായും സാമൂഹികമായ ഏകത്വബോധം ഭൗതികസത്തയായും അദ്ദേഹത്തിൽ ഉറച്ചു. പാരമാർത്ഥികസത്യത്തോടും വ്യാവഹാരികസത്യത്തോടും ആശാൻ ഒരുപോലെ മമത പുലർത്തി.

പ്രപഞ്ചത്തിന്റെ അനിത്യത്തെ കുറിച്ചാണ് ആശാൻ പറയുന്നത്. മനുഷ്യജീവിതത്തിൽ ഒരു കാര്യത്തിനും നിശ്ചിതത്ത്വമില്ല. ഓരോ അവസ്ഥയും (സുഖവും ദു:ഖവും) വന്നുംപോയുമിരിക്കും. എന്നിട്ടും മനുഷ്യർ എന്തിനൊക്കെയോ വേണ്ടി ബദ്ധപ്പെടുന്നു. പ്രപഞ്ചത്തിന്റെ ഗതിവിഗതികളെക്കുറിച്ചുള്ള രഹസ്യം ആർക്കും മനസ്സിലാക്കാൻ കഴിയുന്നില്ല.

തിരിയും രസബിന്ദുപോലെയും
പൊരിയും നെൻമണിയെന്നപോലെയും

ഇരിയാതെ മനംചലിപ്പൂ,ഹാ !
ഗുരുവായും ലഘുവായുമാർത്തിയാൽ[13]

നിരന്തരം ചലിക്കുന്ന രസത്തുള്ളിപോലെയും മലരാകുന്നതിന് ചൂടാക്കുമ്പോൾ പൊരിയുന്ന നെൻമണിയെന്നപോലെയും സീതയുടെ മനസ്സ് അസ്ഥിരമായി ചലിക്കുന്നു. ഒരിടത്തും ഉറയ്ക്കാത്ത രസത്തുള്ളിയും പൊരിയുന്ന നെൻമണിയും സീതയുടെ മനസ്സിന്റെ അഗാധനിലയുംവികാരഭേദങ്ങളുടെ സുതാര്യതയെയും സൂചിപ്പിക്കുന്നു.

ഭുവനത്തിനു മോടികൂട്ടുമാ-
സ്സുഖകാലങ്ങളുമോർപ്പതുണ്ടു ഞാൻ
അവ ദുർവ്വിധി തന്റെ ധൂർത്തെഴും
മുഖഹാസങ്ങൾ കണക്കെ മാഞ്ഞതും.[14]

ലോകജീവിതത്തിന് ഭംഗിവർദ്ധിപ്പിച്ചിരുന്ന നല്ലകാലങ്ങളെക്കുറിച്ച് സീത ഓർക്കുന്നു: ദൗർഭാഗ്യത്തിന്റെ മുഖത്തെ വഞ്ചനനിറഞ്ഞ കള്ളച്ചിരിപോലെ ആസുഖാവസരങ്ങൾ വേഗം മാഞ്ഞുപോയതും സീത ഓർക്കുന്നു. സീത തന്റെ ജീവിതത്തിൽ നേരിട്ട സുഖദു:ഖങ്ങളെ കുറിച്ചാണ് ഇവിടെ ഓർക്കുന്നത്. ലൗകികസുഖഭോഗങ്ങൾ ക്ഷണികങ്ങളും മനുഷ്യനെ വഞ്ചിക്കുന്നവയുമാണെന്ന് അവൾ മനസ്സിലാക്കുന്നു. തൽഫലമായി അവൾ വിധിയെ പഴിക്കുകയും വെറുക്കുകയും ചെയ്യുന്നു.

അഴലേകിയ വേനൽ പോമുടൻ
മഴയാം ഭൂമിയിലാണ്ടുതോറുമേ
പൊഴിയും തരുപത്രമാകവേ,
വഴിയേ പല്ലവമാർന്നു പൂത്തിടും.[15]

ദു:ഖം തരുന്ന വേനൽക്കാലം പോകുന്നു. ഉടനെ ആ സ്ഥാനത്ത് ഭൂമിയിൽ ആണ്ടുതോറും മഴപെയ്യുന്നു. മരങ്ങളുടെ ഇലകൾ മുഴുവൻ പൊഴിഞ്ഞതിനുശേഷം ക്രമേണ തളിർത്തു പൂക്കുന്നു.

സുഖദു:ഖ സമ്മിശ്രമായ ജീവിതത്തെക്കുറിച്ച് സീത ഓർക്കുന്നു. ഇവിടെ പരാമൃഷ്ടമായ 'വേനലും ഇലപൊഴിയുന്നകാലവും' ദു:ഖത്തിന്റെയും, മഴയിൽ പല്ലവമോരുന്ന തരുപത്രങ്ങൾ സുഖകാലത്തിന്റെയും പ്രതീകങ്ങളാകുന്നു. ഇവയുടെ മാറ്റംമറിച്ചിലാകട്ടെ വിധിയുടെ വിനോദവും.

അങ്ഗാന്യേതാന്യവഷ്ടഭ്യ
സുഖീ ദു:ഖീവ മുഹ്യതി
ചിദാത്മാ മായയാ സ്വസ്യ
തത്ത്വതോഽസ്തി ന കിഞ്ചന[46]

'ദർശനമാല'യിലെ ശ്ലോകമാണിത് ചിത് സ്വാർത്ഥപരമായ ആത്മാവ് സ്വന്തം മായയാൽ ഇപ്പറഞ്ഞ സൂക്ഷ്മാംഗങ്ങളെ ആശ്രയിച്ചിട്ട് (അവയെ ഉപാധിയാക്കികൊണ്ട്) ഞാൻ സുഖിക്കുന്നു ഞാൻ ദു:ഖിക്കുന്നു എന്നിങ്ങനെ മോഹിതമായിത്തീരാൻ ഇടയാകുന്നു- തെറ്റായി ധരിക്കാൻ ഇടയാകുന്നു. തത്ത്വപ്രകാരം നോക്കിയാൽ അതൊക്കെ ഇല്ലാത്തതാണ്. ഒരുവേള, ഈ ഉൾക്കാഴ്ചയുടെ താഴെയുള്ള വ്യാവഹാരിക നിർവ്വഹണമാണ് ആശാന്റെ ശ്ലോകം.

Scanned with CamScanner

വിനയാർന്ന സുഖം കൊതിക്കയി-
ല്ലിനിമേൽ ഞാൻ-അസുഖം വരിക്കുവാൻ
മനമല്ലൽ കൊതിച്ചു ചെല്ലുകിൽ
തനിയേ കൈവിടുമീർഷ്യ ദുർവിധി. (30)

ഇനിമേൽ ഞാൻ ആപത്തുവരുത്തുന്ന സുഖം ആഗ്രഹിക്കുകയില്ല. നേരെമറിച്ച് ദു:ഖത്തെ സ്വീകരിക്കും. മനസ്സ് ദു:ഖം കൊതിച്ചുചെന്നാൽ ദുർവിധി സ്വയം അസൂയ ഉപേക്ഷിക്കും.സ്ഥിരമനസ്സിനെ സംബന്ധിച്ച് ഗീതയിൽ ഇപ്രകാരം സൂചിപ്പിക്കപ്പെടുന്നു:

ദു:ഖേഷ്വനുദ്വിഗ്നമനാ : സുഖേഷു വിഗതസ്പൃഹ:
വീതരാഗഭയക്രോധ : സ്ഥിതധീർ മുനിരുച്യതേ (2,56)

ദു:ഖങ്ങളിൽ അചഞ്ചലനായും സുഖങ്ങളിൽ ആഗ്രഹമില്ലാത്തവനായും രാഗം, ദ്വേഷം, ഭയം,എന്നിവ ഇല്ലാത്തവനായും ഉള്ള ആളെ സ്ഥിതധീയായ മുനിയെന്നു പറയുന്നു. സീതയുടെ മനോദർശനം നോക്കുക.

അതുമല്ല സുഖാസുഖങ്ങളായ്
സ്ഥിതി മാറീടുവതൊക്കെയേകമാം;
അതുതാനിളകാത്തതാം മഹാ-
മതിമത്തുക്കളിവറ്റ രണ്ടിലും . (29)

ഇവിടെ സുഖവും ദുഖവും എന്നതോതിൽ സ്ഥിതി മാറി വരുന്നതിന്റെ ഉൾപ്പൊരുൾ നിർമ്മമമായ മന:സ്ഥിതിയിലേയ്ക്ക് സീതയെ നയിക്കുന്നു. അതുമാത്രമല്ല സുഖവും ദു:ഖവുമായ അവസ്ഥകൾ മാറിമാറിത്തോന്നുന്നത് മനസ്സിന്റെ ഒരേ അനുഭവം തന്നെയാണ്. അതുകൊണ്ടാണ് മഹാത്മാക്കൾ സുഖത്തിൽ സന്തോഷിക്കുകയോ, ദു:ഖത്തിൽ സങ്കടപ്പെടുകയോ ചെയ്യാത്തത്.സുഖവും ദു:ഖവും ഒരേ അനുഭവത്തിന്റെ രൂപാന്തരങ്ങൾ മാത്രമാണ്.അതുകൊണ്ടാണ് മഹാത്മാക്കളുടെ മനസ്സ് വിഭിന്നാവസ്ഥകളിൽ ചഞ്ചലപ്പെടാതിരിക്കുന്നത്. സുഖദു:ഖങ്ങളിൽ നിർവ്വികാരത്വമാണ് അവരുടെ മുദ്ര.

കാളിദാസൻ രഘുവംശത്തിലെ സീതാപരിത്യാഗ ഘട്ടത്തിൽ ഇപ്രകാരം പറയുന്നു.

നചാവദ് ഭർത്തുരവർണ്ണമാര്യാനിരാകരിഷ്ണോ:വൃജിനോത് ദൃതേഅപി
ആത്മാനമേവസ്ഥിരദു:ഖഭാജം പുന :പുനർ ദുഷ്കൃതിനം നിനിന്ദ(14,57)

സീത തന്റെ തന്നെ മുൻജന്മത്തെ പ്രവൃർത്തികളുടെ ഫലമായി കണ്ട് തന്നെ ത്തന്നെ വീണ്ടും നിന്ദിക്കുന്നു മറ്റാരോടും പരാതിയില്ലാതെ.ഈ തലത്തിലൂടെതന്നെയാണ് ചിന്താവിഷ്ടയായ സീതയുടെ അവസാന ഭാഗത്ത് ആശാനും കടന്നുപോകുന്നത്,

കനമാർന്നെഴുമണ്ഡലമണ്ഡലം
മനയും മണ്ണിവിടില്ലതാഴെയാം
ദിനരാത്രികളറ്റു ശാന്തമാ-
മനഘസ്ഥാനമിതാദിധാമമാം. (184)

ഭാരമേറിയ അണ്ഡകടാഹങ്ങൾ നിർമ്മിക്കുന്ന മണ്ണ് (ഭൗതികവസ്തുക്കൾ) ഇവി

Scanned with CamScanner

ടെയില്ല.താഴെ ഭൂമിയിലാണുള്ളത്. രാപ്പകലുകളില്ലാത്തതും ശാന്തമായും പരിശുദ്ധസ്ഥാനവുമായ ഇത് ആദിധാമം സർവ്വത്തിന്റെയും പ്രഥമ ജ്യോതിസ്സാണ്. സീതയുടെ ആത്മസത്ത പവിത്രീകരിക്കപ്പെട്ടിരിക്കുന്നു എന്നു സൂചന.

സ്വയമിന്ദ്രീയമോദഹേതുവാം
ചിലഭാവങ്ങളൊഴിഞ്ഞുപോകയാൽ
ദയതോന്നിടുമാറു മാനസം
നിലയായ് പ്രാക്കൾ വെടിഞ്ഞ കൂടുപോൽ[21]

ഇന്ദ്രിയങ്ങൾക്ക് (മനസ്സിന്) ആഹ്ലാദം നൽകുന്ന ക്ഷണികവികാരങ്ങൾ സ്വയം ഒഴിഞ്ഞുപോയതിനാൽ മനസ്സ് ശൂന്യമായ പ്രാവിൻകൂടുപോലെ ദയനീയമായ അവസ്ഥയെ പ്രാപിച്ചിരിക്കുന്നു. സീതയുടെ മനസ്സ് പ്രാവുകൾ വിട്ടൊഴിഞ്ഞ കൂടുപോലെ ദയനീയമായിരിക്കുന്നു. ഈ ശൂന്യത സീതയെ മോക്ഷപ്രാപ്തിയിലേയ്ക്ക് നയിക്കുന്നു.

ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെവെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമെ[31]

ഒരുപക്ഷെ പരിചയിച്ചു കഴിഞ്ഞാൽ ഇരുട്ട് സാവധാനം വെട്ടമായി തീരും,വളരെക്കാലത്തെ ശീലം കൊണ്ട് കയ്പുരസം മധുരമായി തീരാം. ചിരപരിചയം കൊണ്ട് ഇരുട്ട് വെളിച്ചമായും കയ്പ് മധുരമായും മാറുന്നുണ്ട്.ജീവിതത്തിന്റെ അനിഷേധ്യമായ അവസ്ഥയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

ചരിതാർത്ഥതയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽനിന്നുടൻ
ശരിയായ് കളിതീർന്ന നട്ടുവൻ[168]

എന്ന ശ്ലോകത്തിൽ ജീവിതത്തിന്റെ അന്തിമയാഥാർത്ഥ്യം ദാർശനികമായി ആശാൻ അവതരിപ്പിച്ചിരിക്കുന്നു. സീതാകഥയുടെ സ്വഭാവികപരിണാമമാണിത്.'All world is a stage, and all the men and women merely players' എന്ന് ഷേക്സ്പീയർ എഴുതിയിട്ടുണ്ട്. നടന്മാർക്ക് അവരുടെ റോൾ കഴിയുമ്പോൾ അരങ്ങൊഴിഞ്ഞേ പറ്റൂ 'സർവ്വകർമ്മാണി ജ്ഞാനേ പരിസമാപ്യതേ' എന്ന് ഗീത. ചുരുക്കത്തിൽ തന്റെ യാനം പൂർത്തീകരിച്ച് കഴിഞ്ഞ സീത ഇനി അരങ്ങിൽ നിന്ന് വിടവാങ്ങുകയാണ് ഉചിതം.. ഈ ബോധം അവളിലുണ്ടാകുന്നു എന്നതാണ് എടുത്തുപറയേണ്ടത്. മാത്രമല്ല ആത്യന്തികമായി ജീവിതം ശാശ്വതമല്ലെന്ന ദാർശനികബോധവും അവളിൽ ഉണ്ടായി.

ഗ്രന്ഥസൂചി


1. കുമാരനാശാൻ : 2014, ചിന്താവിഷ്ടയായ സീത, ബുക്ക് മീഡിയ,കോട്ടയം
2. ശ്രീനാരായണ ഗുരു : ദർശനമാല
3. ശേഷാദ്രിഅയ്യർ . പി (വ്യാഖ്യാനം) : 2011,കേരള സർവ്വകലാശാല, തിരുവനന്തപുരം
4. കാളിദാസൻ : രഘുവംശം


Scanned with CamScanner